**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ബസ്സ് ഗതാഗതം സുഗമമാക്കുന്നതിനായുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന ഡീസൽ ക്ഷാമംമൂലം ബസ് റൂട്ട് നിർത്തലാക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എണ്ണ കമ്പനികൾ കെ.എസ്.ആർ.ടി.സി.യ്ക്ക് വിപണി വിലയിൽ ഡീസൽ നല്കാത്തതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിയന്ത്രിക്കുന്നതിനായി കെ.എസ്.ആർ.ടി. സി.യുടെ നിലവിലുള്ള യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ നിന്നും ഡിപ്പോകളിലെ കൺസ്യൂമർ പമ്പിലേക്ക് ഇന്ധനം ലഭ്യമാക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. കാസർഗോർഡ് ജില്ലയിൽ കെ.എസ്.ആർ.ടി. സി.യുടെ യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ നിലവിലില്ലാത്തതിനാൽ സ്വകാര്യ പമ്പുകളിൽ നിന്നുമാത്രമാണ് ഡീസൽ എത്തിയ്ക്കുന്നത്. ഇപ്രകാരം യഥാസമയം സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ എത്തിയ്ക്കുന്നതിന് കാലതാമസം നേരിട്ടത് പരിഹരിച്ചുവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഭാഗമായി ഡീസലിന്റെ ലഭ്യത കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വരുമാനമില്ലാത്ത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ഒഴിവാക്കേണ്ടതായി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലും ദീർഘദൂര സർവ്വീസുകൾ, പ്രധാന സർവ്വീസുകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയും റിസർവേഷൻ നൽകിയിട്ടുള്ള അന്തർ സംസ്ഥാന സർവ്വീസുകളും പരമാവധി ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രാധാന്യം ഏറിയതും കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം ലഭിക്കുന്നതുമായ മിക്കവാറും എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യിട്ടുണ്ട്. ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ മറ്റ് സർവ്വീസുകളുമായി ക്ലബ് ചെയ്ത് യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ |

| | | | |
|---|---|---|---|
| | | | ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡീസൽ തുക നൽകുവാൻ കഴിയാത്തതിനാൽ ലോക്കൽ പമ്പുകൾ വിതരണം നിർത്തിയതിനാലും ഐ.ഒ.സി. യിൽ നിന്നും ഡീസൽ ലഭിക്കുന്നതിന് തടസ്സം വന്നതിനാലും ചില അവധി ദിവസങ്ങളിൽ സർവ്വീസുകൾ കൂടുതലായി ക്യാൻസൽ ചെയ്തിട്ടുണ്ട്. |
| (ബി) | അന്തർ സംസ്ഥാന റൂട്ടുകളിലെ സർവ്വീസുകൾ ഉൾപ്പെടെ വിജയകരമായി നടത്തുന്ന പ്രസ്തുത ജില്ലയിൽ ബസ്സ് ഗതാഗതം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | അന്തർ സംസ്ഥാന റൂട്ടുകൾ അടക്കം വിജയകര മായി നടത്തുന്ന സർവ്വീസുകൾ മുടക്കം ഇല്ലാതെ നടത്തുന്നതിന് സാമ്പത്തിക പ്രതിസന്ധിയിലും പരമാവധി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ